# മഴ: കാണാവുന്ന ഒരു ചിത്രം

ശോഭന

ഗൗരവപൂർണമായ ഒരു പ്രമേയം അവതരിപ്പിക്കുക വഴി ലെനിൻ രാജേന്ദ്രന്റെ മഴ എന്ന സിനിമ ശ്രദ്ധേയമായി. എതിർക്കപ്പെടുന്ന ഒരു പ്രേമവും അതിനുശേഷമുള്ള സുഖകരമല്ലാത്ത ദാമ്പത്യവുമെല്ലാം വളരെ പുരാതനമായ കഥാതന്തു തന്നെയാണ്. എങ്കിലും, എഴുത്തുകാരിയായിരുന്ന ഒരു ഉദ്യോഗസ്ഥ കടന്നുപോകുന്ന ദുഷ്കരമായ ഘട്ടങ്ങൾ പ്രേക്ഷകരുടെ നിരീക്ഷണം ക്ഷണിക്കുന്നു. ബഹിർഗമിക്കാത്ത സർഗപ്രക്രിയകളുടെ സംഘർഷങ്ങൾ അനുഭവിക്കുന്ന എഴുത്തുകാരിയും പ്രൊഫഷനോട് നൂറ് ശതമാനം സത്യസന്ധത പുലർത്തുന്ന ഡോക്ടറും കാലങ്ങളായി അടിച്ചേല്പിക്കപ്പെട്ട വീട്ടുത്തരവാദിത്തവുമുള്ള കുടുംബിനിയുമെല്ലാമാണ് ഇതിലെ കേന്ദ്രകഥാപാത്രം- ഡോ. ഭദ്ര. ഈ റോളുകളെല്ലാം ഒരേസമയം ഏറ്റെടുക്കുമ്പോൾ ഒരു സ്ത്രീ അനുഭവിക്കുന്ന അന്തഃസംഘർഷങ്ങൾ സിനിമയിൽ അവതരിപ്പിക്കാൻ ലെനിൻ രാജേന്ദ്രനാകുന്നുണ്ട്.

ഈ സിനിമയെ രണ്ടു ഭാഗമായി അവതരിപ്പിച്ചിരിക്കുന്നു. ശിവപുരമെന്ന ഗ്രാമത്തിൽ രാമാനുജശാസ്ത്രി (ബിജുമേനോൻ) കളുടെ കീഴിൽ സംഗീതം അഭ്യസിച്ച്, അയാളോടുള്ള പ്രണയവും കവിതയും സംഗീതവുമെല്ലാം നെഞ്ചിലേറ്റി ലാളിക്കുന്ന ഭദ്ര (സംയുക്തവർമ്മ) എന്ന കൗമാരക്കാരിയുടെ കഥയാണ് ആദ്യഭാഗം. ദാവണിയും പ്രഭാതവും വയലും ക്ഷേത്രവുമെല്ലാം ആദ്യഭാഗത്ത് നിരന്തരം വരുന്ന കാഴ്ചകളാണ്. നീല വസ്ത്രങ്ങൾ ഉടുക്കുന്ന നായികയും മഴ പെയ്യിക്കാൻപോലും കഴിവുള്ള നീലാംബരി രാഗവും ഇതിൽ നിറഞ്ഞിരിക്കുന്നു. ആയിരത്തൊന്നുവട്ടം അവതരിപ്പിച്ചുകൊണ്ടാകാം പ്രണയവും എതിർപ്പുമെല്ലാം അവതരിപ്പിക്കുമ്പോൾ വ്യത്യസ്തതയോ പുതുമയോ കൈവരുത്താൻ നമ്മുടെ സംവിധായകർക്ക് കഴിയാത്തത്. നിറംമങ്ങിയ കാഴ്ചകളാണ് ഈ ഭാഗത്തിൽ. പ്രണയ പരാജയത്തിനുശേഷം കമ്പ്യൂട്ടർ എൻജിനിയർ ചന്ദ്രശേഖ (ലാൽ) റിന്റെ ഭാര്യയായ ഉത്തരവാദിത്വമുള്ള ഡോ. ഭദ്രയുടെ പൊള്ളുന്ന സ്വപ്നങ്ങളും അനുഭവങ്ങളുമാണ് രണ്ടാംഭാഗത്തിൽ. അവതരണത്തിൽ മികച്ചു നിൽക്കുന്നത് രണ്ടാംഭാഗം തന്നെയാണ്.

ഒരു പക്ഷേ, മലയാളസിനിമയിലിതുവരെ അഭിസംബോധന ചെയ്യാത്ത സ്ത്രീകളുടെ പ്രശ്നങ്ങൾ വെള്ളിത്തിരയിലെത്തിക്കാനും ഈ ഭാഗത്തിൽ ലെനിൻ രാജേന്ദ്രൻ ശ്രമിക്കുന്നു. ഡോ. ഭദ്രയും ചന്ദ്രശേഖരനും പരിഷ്കൃത സമൂഹത്തിലെ ആധുനിക ദമ്പതിമാരാണ്. ആധുനികത സാമൂഹ്യപുരോഗതിയുടെ സൂചകമാണ്. പല വ്യവസ്ഥാപിത പഴഞ്ചൻ മൂല്യങ്ങളേയും ചോദ്യം ചെയ്യാനുള്ള പ്രാപ്തിയും സ്വാതന്ത്ര്യവും ആധുനികത സാധ്യമാക്കുന്നു. വ്യക്തിബന്ധങ്ങളിലും കാഴ്ചപ്പാടുകളിലും പുരോഗമനപരമായ മാറ്റത്തിനുമിത് പ്രേരകമാകുന്നു. (ഈ വീക്ഷണത്തെ കമ്പോള സംസ്കാരമാണ് മുതലെടുക്കുന്നത്. ആധുനിക സ്ത്രീകളുടെ സ്വാതന്ത്ര്യ പ്രഖ്യാപനമെന്ന പേരിൽ വാഷിംഗ് മെഷീനും മിക്സിയുമെല്ലാം വിറ്റഴിക്കപ്പെടുന്ന തരത്തിൽ) സിനിമയിൽ 'ആധുനികത'യുടെ സാധ്യതകളും പരിമിതിയും ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്. രാത്രി മുഴുവൻ ഇൻറർനെറ്റിലൂടെ ഗേൾഫ്രണ്ടുമായി 'ചാറ്റ്' ചെയ്യുന്നത് ഭാര്യയെ അറിയിക്കാനും ഭർത്താവുമായുള്ള സൗന്ദര്യപിണക്കത്തിനു ശേഷം അമ്മയെ കാണാൻ കാറോടിച്ച് പോകുന്നതിനിടയിൽ ആ വിവരമറിയിക്കാൻ വേണ്ടി മാത്രം (സമ്മതത്തിനല്ല) സെൽഫോണിലൂടെ അയാളോട് സംസാരിക്കാൻ കഴിയുന്നതുമെല്ലാം 'ആധുനികത' നല്കുന്ന സൗകര്യങ്ങളാണ്. വ്യക്തിബന്ധങ്ങളുടെ ഇടയിലുള്ള വികാസം 'ആധുനികത' അംഗീകരിക്കുന്ന വസ്തുതയാണ്. എന്നിട്ടും നമ്മുടെ സമൂഹത്തിൽ പല ഒത്തുതീർപ്പുകൾക്കും തയാറായിട്ടാണ് 'ആധുനികത' അവതരിക്കുന്നത്. പ്രത്യേകിച്ച് സ്ത്രീകളോടുള്ള വിവേചനപരമായ സമീപനത്തിൽ നിരവധി ഭാഗങ്ങളിലൂടെ സിനിമയിൽ ഇതു വ്യക്തമാക്കുന്നുണ്ട്.

വ്യക്തിപരമായ സ്വകാര്യതയും സ്വാതന്ത്ര്യവും 'ആധുനികത' പ്രാധാന്യം നല്കുന്ന ഒന്നായിട്ടും ഭദ്ര സ്വകാര്യ ഡയറി കുറിപ്പുകൾ എഴുതുന്നുവെന്നും അവൾക്കൊരു കാമുകനുണ്ടായിരുന്നുവെന്നുമുള്ള അറിവ് ഭർത്താവിനെ ചൊടിപ്പിക്കുന്നുണ്ട്. ഇത്, സ്ത്രീകൾക്ക് സ്വകാര്യത നിഷേധിക്കുന്ന സമൂഹ മനോഭാവം വെളിപ്പെടുന്നു. രാത്രി ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയെത്തുന്ന ഭാര്യയെ ബലമായി ലൈംഗികബന്ധത്തിനു നിർബന്ധിക്കുന്നതും ഇതിനെ എതിർക്കുമ്പോൾ ശാരീരികമായി പീഡിപ്പിക്കുന്നതുമെല്ലാം ഏതു സാമൂഹ്യഘടനയിലും നിലനിൽക്കുന്ന പുരുഷമൂല്യങ്ങളെ കാണിക്കുന്നു. പരമ്പരാഗതമായ പുരുഷന്റെ അവകാശങ്ങളാണിതെല്ലാമെന്നുള്ള വിശ്വാസമാണ് കഥാനായകന്റെ പെരുമാറ്റത്തിന് അടിസ്ഥാനം. എത്ര പുരോഗമനപരമായ വീക്ഷണങ്ങൾ പുലർത്തുന്ന ആധുനിക മനുഷ്യനും ഈ രീതിയിലുള്ള അവകാശങ്ങൾ സ്വാഭാവികമാണെന്ന് കരുതപ്പെടുന്ന ദുരവസ്ഥ ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. 'ആധുനികത'യുടെ ഇത്തരം പുരോഗമന -സ്ത്രീ- വിരുദ്ധ നിലപാടിനെ ഈ സിനിമ എങ്ങനെ സമീപിച്ചിരിക്കുന്നുവെന്ന് നോക്കുക.

ഇവിടെ പുലർന്നുവരുന്ന രൂഢമൂലമായ പിതൃാധിപത്യ (Patriarchy) ത്തിന്റെ സ്വാധീനമാണ് 'ആധുനികത'യുടെ ഈ വിവേചനത്തിന്റെ അടിസ്ഥാനം. പുരോഗതിയുടെയും മാറ്റത്തിന്റെയുമെല്ലാം വളർച്ച പാട്രിയാർക്കി ശക്തമായി എതിർക്കും. ഇതിനു നിരവധി ഉദാഹരണങ്ങളുണ്ട്. സ്ത്രീകൾ തൊഴിൽ മേഖലയിലേക്ക് കടന്നുവരുമ്പോൾ പാടിയാർക്കി നിശ്ചയിച്ചിരിക്കുന്ന വീട്ടുജോലിക്ക് ഭംഗം വരികയും പാടിയാർക്കിയിൽ തന്നെ വിള്ളലുകൾ ഉണ്ടാകുമെന്നും കരുതി ഒരുകാലത്ത്, സ്ത്രീകൾ തൊഴിലെടുക്കുന്ന പ്രവണതയെ എതിർത്തിരുന്നു. അതുകൊണ്ടു തന്നെ, സ്ത്രീ മുന്നേറ്റത്തിന്റെ പ്രചാരകർ തൊഴിലെടുക്കുന്ന സ്ത്രീകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ യഥാർത്ഥത്തിലുണ്ടായത്, പുറത്തെ ഉദ്യോഗത്തിനിടയിൽ വീട്ടുപണികളുമെടുത്ത് ഇരട്ട ഉത്തരവാദിത്തം മൂലം തൊഴിലെടുക്കുന്ന സ്ത്രീകൾ കൂടുതൽ പീഡനത്തിന് ഇരയാകുകയാണ്. ഇങ്ങനെയാണ്, വളരെ സൗകര്യപൂർവ്വം പാടിയാർക്കി 'ആധുനികത'യെ ഉൾക്കൊണ്ടിരിക്കുന്നത്. പാടിയാർക്കിയുടെ നിലനിൽപ്പിന് ഭംഗം വരാത്ത രീതിയിൽ മോടിപിടിപ്പിക്കുകയാണെങ്കിൽ പുരോഗമനപരമായ മുന്നേറ്റവും വീക്ഷണവും സമൂഹത്തിൽ വച്ചുപുലർത്താൻ ബുദ്ധിമുട്ടില്ല. പീഡനങ്ങൾ അനുഭവിക്കുന്നതിൽനിന്ന് സ്ത്രീകളെപ്പോലെയുള്ള വിഭാഗത്തിനു മാറാനും കഴിയുന്നില്ല. അങ്ങനെ, പാടിയാർക്കിയെ ചോദ്യം ചെയ്യേണ്ട അടിസ്ഥാന ആവശ്യമാണ്. ഈ സിനിമ അങ്ങനെ ചെയ്യുന്നുണ്ടോ?

സ്വാതന്ത്ര്യത്തേയും സർഗ്ഗാത്മകതയുടെ സൃഷ്ടിപരമായ വികാസത്തിനെയും പാടിയാർക്കി ബോധപൂർവ്വം ചെറുക്കുന്നത് വളരെ സൂക്ഷ്മമായിത്തന്നെ സിനിമയിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ബാംഗളൂർ എന്ന മെട്രോ നഗരത്തിൽ ജീവിക്കുന്ന ഡോക്ടർ, ശിവപുരം എന്ന ഗ്രാമത്തിൽ തന്റെ 'വേരുകൾ' അന്വേഷിച്ച് തിരിച്ചെത്തുമ്പോഴാണല്ലോ കഥയാരംഭിക്കുന്നത്. ബാംഗളൂരിൽ വച്ച് രാഹുൽ ദ്രാവിഡിനെയും ഷാരൂഖാനെയും നെഞ്ചേറ്റി താലോലിക്കുകയും അവിടുത്തെ പല രീതിയിലുള്ള സ്വാതന്ത്ര്യമറിയുകയും ചെയ്ത മകൾ -ഭദ്രയുടെ താല്പര്യത്തിന് വിരുദ്ധമായിട്ടാണ് അയാൾ ഈ തീരുമാനമെടുക്കുന്നതുതന്നെ. അവിടെയെത്തിയ ഭദ്ര ആ കഗ്രാമത്തിലെ രാമാനുജം ശാസ്ത്രികളെന്ന സംഗീതജ്ഞനെ പ്രേമിക്കുന്നുവെന്നറിഞ്ഞയാൾ അതിനെ എതിർക്കുകയും ശാസ്ത്രികളുടെ വിവാഹത്തിന് മുൻകൈ എടുക്കുകയും ചെയ്യുന്നു.

ഭദ്രയെ അക്ഷരാർത്ഥത്തിൽ അടിക്കുന്നുണ്ട്. ഇങ്ങനെ ഭദ്രയ്ക്ക് നിരന്തരം എതിർപ്പുകളാണ് പിതാവിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. അതിന്റെ ഫലമായ നഷ്ടങ്ങളും അനുഭവിക്കേണ്ടിവരുന്നു. അവളുടെ സംഗീതം, കവിത, എല്ലാത്തിനും പ്രചോദനമായിരുന്ന പ്രണയം ഈ നഷ്ടങ്ങളുടെ കുമ്പാരത്തിൽനിന്നും വേണമായിരുന്നു ജീവിതം പടുത്തുയർത്താൻ. മറ്റാരുമായും ഈ മുറിവുകൾ പങ്കുവയ്ക്കുന്നില്ലയെന്നും അവസാനംവരെ തീവ്രമായിരിക്കുമെന്ന രീതിയിൽ വേണം ഈ നഷ്ടങ്ങളെ കാണാൻ. ഈ അവസ്ഥയ്ക്കു കാരണമായ പിതാവിനോട് എതിർപ്പുണ്ടോയെന്ന് വർഷങ്ങൾക്കുശേഷം അമ്മ, ഭദ്രയോട് അന്വേഷിക്കുന്നുണ്ട്. ഭദ്രയെ സംബന്ധിച്ച് വളരെ നിർണ്ണായകമായ ഒരു നിലപാടാണത്. എന്നിട്ടും തനിക്കച്ഛനോട് പരിഭവമില്ലെന്നാണ് ഭദ്രയുടെ മറുപടി. പ താവിനെ -പാടിയാർക്കിയെ എതിർക്കുന്നത് ശരിയല്ലല്ലോ. മാത്രമല്ല, കാല്പനികമായ 'വേരുകൾ തേടലും' കുറ്റബോധവുമെല്ലാം നിലനിൽപ്പിനു വേണ്ടിയുള്ള പാടിയാർക്കിയുടെ സ്ഥിരം ന്യായീകരണങ്ങളുമുണ്ട്.

ഭർത്താവിന്റെ മരണശേഷം ഭദ്ര തന്റെ പ്രണയത്തെ തേടി ശിവപുരത്തെത്തുമ്പോൾ അവളുടെ കാമുകൻ തൊണ്ടയിൽ കാൻസർ മൂലം ശബ്ദിക്കാൻ പോലുമാകാത്ത അവസ്ഥയിലാണ്.

നായികയായി അഭിനയിച്ച സംയുക്തവർമ്മ, കഥാപാത്രത്തെ മിഴിവുറ്റതാക്കിയിട്ടുണ്ട്. സംയുക്തവർമ്മയുടെ പൊട്ടിത്തെറിക്കുന്ന ഭർത്താവിനെ ലാലും സമ്പൂർണ്ണമാക്കിയിരിക്കുന്നു. തിലകൻ വളരെ മികച്ച നടനാണ്.

പക്ഷേ, ഭദ്രയുടെ ആശ്വാസമായിരിക്കുന്ന സീനിയർ ഡോക്ടറെന്ന നിലയിൽ വരുന്ന തിലകന്റെ കഥാപാത്രം ശരിയായിരുന്നുവോ? പ്രത്യേകിച്ച് മ്യൂസിക് കണ്ടക്ട് ചെയ്യുന്ന ഭാഗമെല്ലാം അരോചകമായി അനുഭവപ്പെടുന്നു.

വളരെ നാളുകൾക്കുശേഷമുള്ള നല്ലയൊരു സിനിമാനുഭവമായി മാറാൻ ഈ സിനിമയ്ക്കായിട്ടുണ്ട്.

